## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 156 14.08.2017- ൽ മറുപടിയ്ക്ക്

**പ്രവാസി മലയാളികൾക്കായി സാന്ത്വനം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.ദാസൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എം. മുകേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് പ്രവാസി മലയാളികൾക്കായി 'സാന്ത്വനം' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; | എ) | ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | ബി) | തിരികെയെത്തിയ, ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായുള്ള ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| സി) | പ്രസ്തുത പദ്ധതി പ്രകാരം മരണാനന്തര സഹായമായി എത്ര രൂപയാണ് നല്കി വരുന്നത് എന്നറിയിക്കുമോ; | സി) | സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പരമാവധി 1,00,000/- രൂപയാണ് നല്കി വരുന്നത്. |
| ഡി) | ഈ പദ്ധതി പ്രകാരം ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സ, വിവാഹ ചെലവുകൾ, വീൽ ചെയറുകളും ക്രച്ചസുകളും വാങ്ങൽ, തുടങ്ങിയവയ്ക്ക് നല്കിവരുന്ന പരമാവധി ധനസഹായം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ? | ഡി) | ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ / കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്കുള്ള ചികിത്സയ്ക്ക് പരമാവധി 50,000/- രൂപവരെയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപ വരെയും പ്രവാസിക്കും/കുടുംബാംഗങ്ങൾക്കും വീൽ ചെയർ/ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപവരെയും ഒറ്റത്തവണയായി ധനസഹായം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ